ഉത്തരം

(എ&ബി) കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് മുപ്പതിനായിരത്തിലധികം ജനസംഖ്യയുള്ള ടൗണുകളെയാണ് ആർ.എ.പി.ഡി. ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻസിപ്പാലിറ്റിയെന്ന് പ്രത്യേകം തരംതിരിച്ചിട്ടില്ല.

(സി) പദ്ധതിയിൽ ഉൾപ്പെട്ട ടൗണുകളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്."

(ഡി) അനുമതി ലഭിച്ച് അഞ്ച് വർഷത്തിനുള്ളിലാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. ഇതിൻപ്രകാരം 40 ടൗണുകളുടെ കാലാവധി 2015-ലും രണ്ട് ടൗണുകളുടെ കാലാവധി 2016-ലും ഒരു ടൗണിന്റെ കാലാവധി 2017-ലുമാണ് അവസാനിക്കുന്നത്.

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി

21 (4603) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ. ജ്യോതി യോജന പദ്ധതി (DDUGJY)-യുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി അസംബ്ലി നിയോജക മണ്ഡല അടിസ്ഥാനത്തിലാണോ നടപ്പാക്കുന്നതെന്നും ഇതിനായി സംസ്ഥാനത്തിന് ആകെ എത്ര കോടി രൂപയാണ് അനുവദിക്കുന്നതെന്നും ഓരോ നിയോജക മണ്ഡലത്തിലും എത്ര ലൈൻ വീതം ചെലവഴിക്കപ്പെടുമെന്നും വ്യക്തമാക്കുമോ ;

(സി) മേൽ പ്രസ്താവിച്ച പദ്ധതിയുടെ കാലാവധിയും നടത്തിപ്പും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഗ്രാമപ്രദേശങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗിക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24x7 വൈദ്യുതി ലഭ്യമാക്കുക, വൈദ്യുതി പ്രസരണ/വിതരണ നഷ്ടം കുറയ്ക്കുക (AT&C loss) എന്നിവയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഗ്രാമപ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. BPL കണക്ഷനുകൾ, അനുബന്ധ ഉപ പ്രസരണ/വിതരണ ശൃംഖലയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം (66/33 KV) സബ് സ്റ്റേഷൻ, 66/33/11 കെ.വി. ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ), മീറ്ററിംഗ് (ട്രാൻസ്ഫോർമർ, ഫീഡർ മീറ്ററുകൾ സ്ഥാപിക്കൽ, കേടായ മീറ്റർ/ഇലക്ട്രോ മെക്കാനിക്കൽ മീറ്റർ മാറ്റിവയ്ക്കൽ) സൻസദ് ആദർശ് ഗ്രാമ യോജന പദ്ധതിയിൽപ്പെടുത്തി ലോകസഭ/രാജ്യസഭ അംഗങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ വൈദ്യുതി വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് DDUGJY-യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി ചെലവിന്റെ 60% കേന്ദ്രസർക്കാർ ഗ്രാന്റും 10% വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ വിഹിതവും 30% ലോണുമാണ്.

(ബി) പദ്ധതി ജില്ലാടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് മൊത്തം 1720 കോടി രൂപയുടെ വിശദ പദ്ധതി രേഖ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ (REC) അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി ചെലവ് REC ഇതുവരെ അംഗീകരിച്ച് നൽകിയിട്ടില്ല. അതിനാൽ ഓരോ ജില്ലയിൽ/മണ്ഡലത്തിൽ എത്ര രൂപ വീതം ചെലവഴിക്കാനാകുമെന്ന് ഇപ്പോൾ കണക്കാക്കാനാവില്ല.

(സി) രണ്ട് വർഷമാണ് പദ്ധതി കാലാവധി. കേന്ദ്ര ഊർജ്ജ മന്ത്രാലയ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ബി.പി.എൽ. കണക്ഷനുകൾ നൽകാൻ ഈ പദ്ധതിയിൽ കഴിയുന്നതാണ്.

കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

22 (4604) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേടായ വൈദ്യുതി മീറ്റർ മാറ്റി സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കേടായ മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷകളാണ് എറണാകുളം ജില്ലയിൽ ലഭിച്ചിട്ടുള്ളത് ; ഇതിൽ എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് ;

(സി) മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൈപ്പിൻ മണ്ഡലത്തിൽ കേടായ എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് പട്ടികയുടെ രൂപത്തിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly